# “സമർപ്പണം”

## പുറപ്പാട് 32:5

**“അഹരോൻ അതു കണ്ടാറെ അതിന്നു മുമ്പാകെ ഒരു യാഗപീഠം പണിതു: നാളെ യഹോവെക്കു ഒരു ഉത്സവം എന്നു വിളിച്ചു പറഞ്ഞു..’’**

ഈ അദ്ധ്യായം ആദ്യം മുതൽ നാം വായിക്കുമ്പോൾ മേൽവായിച്ച വാക്യത്തിന്റെ സന്ദർഭം നമുക്ക് വ്യക്തമാകും. മോശ പർവ്വതത്തിൽ നിന്ന് ഇറങ്ങി വരാൻ താമസിച്ചപ്പോൾ അക്ഷമരായ ജനം ഒന്നിച്ചു കൂടി അഹരോനോട് ഞങ്ങളുടെ മുമ്പാകെ നടക്കേണ്ടതിന്ന് ഒരു ദൈവത്തെ ഉണ്ടാക്കി തരിക എന്നു പറഞ്ഞു. അങ്ങനെ അവരുടെ കൈയ്യിൽ ഉണ്ടായിരുന്ന പൊന്ന് ഉപയോഗിച്ച് ഒരു കാളക്കുട്ടിയെ വാർത്തുണ്ടാക്കി. അപ്പോൾ ജനം മുഴുവൻ അതിനെ അവരുടെ ദൈവമായി കരുതി. അങ്ങനെ അഹരോൻ യാഗപീഠം പണിതു, യഹോവെക്ക് ഉത്സവം നടത്താൻ തീരുമാനിച്ചു. മിസ്രയീമിൽ നിന്ന് അവരെ ഇതുവരെ നടത്തിയ സത്യദൈവത്തെ അവർ മറന്നു.

യഥാർത്ഥത്തിൽ ഈ കാളക്കുട്ടിക്ക് സത്യദൈവവുമായി എന്തെങ്കിലും ബന്ധമുണ്ടോ? അവർ നടത്താൻ പോകുന്ന യഹോവെക്കുള്ള ഉത്സവത്തിൽ യഹോവ പ്രസാദിക്കുമോ? തുടർന്ന് അവർ ഹോമയാഗങ്ങളും സമാധാന യാഗങ്ങളും അർപ്പിച്ചു എന്ന് നാം വായിക്കുന്നു. എന്നാൽ ഇതിന്റെ പരിണിതഫലം എന്താണെന്ന് നാം അവിടെ കാണുന്നു. ദൈവം അവരെ ദുശ്ശഠ്യമുള്ള ജനമായി കണ്ടു അവന്റെ കോപം അവരുടെ മേൽ ഉദിച്ചു.

ഇതു പഴയനിയമ കാലത്തുള്ള സംഭവമാണെങ്കിൽ, ഇന്നും ഇതുപോലെയുള്ള ആചാരങ്ങൾക്കും അനുഷ്ഠാനങ്ങൾക്കുമല്ലേ നമ്മുടെ ജീവിതത്തിൽ നാം പ്രാധാന്യം കൊടുക്കുന്നത്. നമുക്ക് വേണ്ടി ജീവൻ ബലിയായി തന്ന് നമ്മെ വീണ്ടെടുത്ത സത്യദൈവത്തെ ആത്മാവിലും സത്യത്തിലും ആരാധിക്കാതെ അനുഷ്ഠാനങ്ങളും, ആചാരങ്ങളും, ഉത്സവങ്ങളുമല്ലേ നമുക്കും പ്രധാനം. വചനം പറയുന്നു ‘ഹനനയാഗം നീ ഇച്ഛിക്കുന്നില്ല, ഹോമയാഗത്തിൽ നിനക്ക് പ്രസാദവുമില്ല.’ അവന് നമ്മുടെ തകർന്നതും നുറുങ്ങിയതുമായ ഹൃദയമാണ് സ്വീകാര്യം. അത് അവൻ നിരസിക്കുകയില്ല.

നമുടെ ‘വസ്ത്രമല്ല ഹൃദയമാണ് കീറേണ്ടത്‘ എന്ന് വചനം പറയുന്നു. എന്നാൽ ദൈവമക്കൾ, വഴിനടത്തിയ ദൈവത്തെ മറന്ന് മറ്റ് പലതിന്റെയും പിന്നാലെ പായുമ്പോൾ ഒന്നോർക്കുക, അവൻ നമ്മെ ചേർപ്പാനായി വീണ്ടും വരുമ്പോൾ ‘പോകുവീൻ ഞാൻ നിങ്ങളെ അറിയുന്നില്ല’ എന്ന സ്വരം കേൾക്കാനിടയായാൽ നമ്മുടെ ജീവിതത്തിന് എന്തു ഫലം? അതു കൊണ്ട് ദൈവവുമായി ബന്ധമില്ലാത്ത ഒന്നിനും ജീവിതത്തിൽ പ്രാധാന്യം കൊടുക്കാതെ, അവനെ മാത്രം പൂർണ്ണ മനസ്സോടും പൂർണ്ണ ആത്മാവോടും പൂർണ്ണ

ഹൃദയത്തോടും കൂടി ആരാധിക്കാം. ദൈവത്തിന്റെ വചനത്തിൽ ആശ്രയിക്കാം. അതിൻ പ്രകാരം ജീവിക്കാൻ ശ്രമിക്കാം. അതിനായി ദൈവം നമ്മെ സഹായിക്കുമാറാകട്ടെ.

**പരാമർശം :**

**2 പത്രോസ് 1:3–4**

"തന്റെ മഹത്വത്താലും വീര്യത്താലും നമ്മെ വിളിച്ചവന്റെ പരിജ്ഞാനത്താൽ അവന്റെ ദിവ്യശക്തി ജീവന്നും ഭക്തിക്കും വേണ്ടിയതു ഒക്കെയും നമുക്കു ദാനം ചെയ്തിരിക്കുന്നുവല്ലോ. അവയാൽ അവൻ നമുക്കു വിലയേറിയതും അതിമഹത്തുമായ വാഗ്ദത്തങ്ങളും നൽകിയിരിക്കുന്നു. ഇവയാൽ നിങ്ങൾ ലോകത്തിൽ മോഹത്താലുള്ള നാശം വിട്ടൊഴിഞ്ഞിട്ടു ദിവ്യ സ്വഭാവത്തിന്നു കൂട്ടാളികളായിത്തീരുവാൻ ഇടവരുന്നു"

**സിസ്റ്റർ നീനു ബിനു ബേബി ആലപ്പുഴ 013**